File No.942/E1/2020/IKM

# ഇൻഫർമേഷൻ കേരള മിഷൻ

സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി. ഒ, തിരുവനന്തപുരം – 695 003

## എക്സിക്യൂട്ടിവ് ഡയറക്ടറുടെ നടപടിക്രമം

**സാന്നിദ്ധ്യം- ഡോ.ചിത്ര.എസ് ഐഎഎസ്, എക്സിക്യൂട്ടിവ് ഡയറക്ടർ**

**സംഗ്രഹം**

വിഷയം:-ഇൻഫർമേഷൻ കേരള മിഷൻ - കോവിഡ്-19 - തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലെ ഡേറ്റാ റൂമിൽ കൂടുതൽ ജീവനക്കാരെ നിയോഗിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**അഡ്മിനിസ്ട്രേഷൻ ഡിവിഷൻ**

ഉത്തരവ് നമ്പർ.255/ഇ1/2020/ഐ.കെ.എം.

തിരുവനന്തപുരം,തീയതി: 05.06.2020

## ഉത്തരവ്

പരാമർശം:- 27.03.2020 ലെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നം 942/ഇ.ഡി/2020/ഐ.കെ.എം.

സൂചന ഉത്തരവ് പ്രകാരം കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ നഗരകാര്യ വകുപ്പ്, പഞ്ചായത്ത് വകുപ്പ് എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിദിന വിവരശേഖരണം, അതിന്റെ Consolidation എന്നിവ പ്രതിദിനം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകുന്നതിനായി പ്രിൻസിപ്പൽ സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം ഒരു **"ഡേറ്റാ റൂം"** സെക്രട്ടറിയേറ്റ് അനക്സ്-1 ലെ അഞ്ചാം നിലയിൽ സജ്ജീകരിച്ചിരുന്നു.

എന്നിരിക്കെ 02.06.2020 ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായി നടത്തിയ യോഗത്തിൽ നിന്നും ഡേറ്റാ റൂം ടീം വിപുലീകരിച്ച് നഗരകാര്യ വകുപ്പ്, പഞ്ചായത്ത് വകുപ്പുകളിൽ നിന്നും വരുന്ന ഡേറ്റാ കൂടുതൽ വിശകലനം ചെയ്യേണ്ടതാണെന്ന് ബോധ്യപ്പെടുകയും, ആയതിൻ പ്രകാരം ജില്ലകളിൽ നിന്നും ശേഖരിക്കപ്പെടുന്ന (കോർപ്പറേഷനുകൾ, മുൻസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകൾ) ഡേറ്റാ വിശകലനത്തിനും പരിശോധനയ്ക്കുമായി സൂചന ഉത്തരവിൽ പറയുന്ന ടീമിനെ സഹായിക്കാനുമായി താഴെ പറയുന്ന ജീവനക്കാരെ അവർ നിലവിൽ ചെയ്തുകൊണ്ടിരിക്കുന്ന ജോലികൾക്ക് പുറമെ ഡേറ്റാ റൂം ടീമിൽ കൂടി ഉൾപ്പെടുത്തി ഉത്തരവാകുന്നു.

1. ശ്രീമതി.രഞ്ജിത.എ.കെ, പ്രോഗ്രാമർ ഗ്രേഡ്-I
2. ശ്രീ.ജയരാജ്.പി.ആർ, പ്രോഗ്രാമർ ഗ്രേഡ്-III
3. ശ്രീ.സുജിത്ത്.എം, ടെക്നിക്കൽ ഓഫീസർ ഗ്രേഡ്-II
4. ശ്രീ.വിമൽകുമാർ എം.എൽ, സീനിയർ അസിസ്റ്റന്റ് ഗ്രേഡ്-III
5. ശ്രീ.സജേഷ്.എ, സീനിയർ അസിസ്റ്റന്റ് ഗ്രേഡ്-III
6. ശ്രീ.മധുകുമാർ.കെ, സീനിയർ അസിസ്റ്റന്റ് ഗ്രേഡ്-I
7. ശ്രീമതി.സുസ്മിത. ബി.എസ്, ടെക്നിക്കൽ ഓഫീസർ ഗ്രേഡ്-II
8. ശ്രീമതി.റീജ.ജെ, അസിസ്റ്റന്റ് ഗ്രേഡ്-IV
9. ശ്രീമതി.സബീന. ബി.എസ്, അസിസ്റ്റന്റ് ഗ്രേഡ്-IV

ഈ ടീം കോർപ്പറേഷനുകൾ, മുൻസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിൽ നിന്നും വരുന്ന ഗ്രാനുലാർ ഡേറ്റാ ശേഖരിക്കുകയും, അവയിൽ ഉണ്ടാകുന്ന പിശകുകൾ പരിശോധിച്ച് രേഖപ്പെടുത്തി ഡെപ്യൂട്ടി ഡയറക്ടർ(ടെക്നിക്കൽ) നും, സൂചന ഉത്തരവ് പ്രകാരമുള്ള ടീമിനും ഡെപ്യൂട്ടി ഡയറക്ടർ(ടെക്നിക്കൽ) നിർദ്ദേശിക്കുന്ന മാതൃകയിൽ ലഭ്യമാക്കേണ്ടതാണ്.

**ഡോ.ചിത്ര എസ് ഐഎഎസ്**
**എക്സിക്യൂട്ടീവ് ഡയറക്ടർ**

ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും
ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ)
എല്ലാ ജില്ലാ ടെക്നിക്കൽ ഓഫീസർമാർക്കും

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടറുടെ സി എ
കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷന്റെ സി എ
ഫയൽ കോപ്പി